"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- വാർഷികപദ്ധതി 2026-27 - കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം - പദ്ധതികൾക്ക് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2026/HSG തീയതി,തിരുവനന്തപുരം, 05-10-2026

---

പരാമർശം:- 1. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 01.08.2026-ലെ KESNIK/689/2025-OVSR2(TECH) നമ്പർ കത്ത്.

2. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

2026-27-ലെ സംസ്ഥാന ബജറ്റിൽ 2216-80-101-99 എന്ന ശീർഷകത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി ₹6.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1. തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും.
2. ഓഫീസ് നവീകരണവും കാമ്പസ് വികസനവും (സൗരോർജ്ജ സംവിധാനം നടപ്പാക്കുന്നതുൾപ്പെടെ)
3. ആധുനിക നിർമ്മാണ സാങ്കേതികവിദ്യ, ഹൗസിംഗ് ഗൈഡൻസ് സെന്റർ, സ്റ്റാർട്ടപ്പ് യൂണിറ്റ്, ഇൻക്യൂബേഷൻ സെന്റർ എന്നിവയുടെ പ്രോത്സാഹനം.
4. കലവറയുടെ പ്രവർത്തനങ്ങൾ
5. എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ്
6. സി. ഇ. ഇ. എഫ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പരിപാലനം.

2. 2026-27 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച്, പദ്ധതികൾക്ക് ഭരണാനുമതി നല്കണമെന്ന് പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ സഹിതം പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലുകൾ 18.08.2026-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും വ്യവസ്ഥകളോടു കൂടി പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നല്കുവാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2216-80-101-99 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ₹ 5.92 കോടി (അഞ്ച് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച്, ചുവടെ ചേർക്കുന്ന ആറ് പദ്ധതികൾ, നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി നടപ്പാക്കുന്നതിനായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് - | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും. | • Vocational Training (25 Training Programmes in Construction Sector) - ₹120 Lakhs<br>• Capacity Development Programmes - ₹16 Lakhs<br>• Skill imporvement Training- ₹44 Lakhs (Carpentry - 16lakhs, Digital Survey- 12 lakhs, Auto CAD -16 lakhs) | 180 |
| 2 | ഓഫീസ് നവീകരണവും കാമ്പസ് വികസനവും (സൗരോർജ്ജ സംവിധാനം നടപ്പാക്കുന്നതുൾപ്പെടെ) | • Purchase of Computers, Printers, repair of existing systems, Purchase of Hardware/software , upgrading existing software hardware -₹10 Lakhs<br>• Infrastructure Development in Head Office and 14 Regional Centres including networking updating maintenance / renovation of building , camera facility, surveillance security cameras etc; Recouping Rs.17.14 lakhs for renovation works of regional offices for which AS was already given - ₹61 Lakhs | 145<br><br>Subject to the Condition that purchase shall be done as per Govt. norms |

| | | | |
|---|---|---|---|
| 3 | | • Construction of New Office at Palakkad - ₹49 Lakhs<br>• Solar Energy Systems in Head Office , Regional Centres in Chettikulangara, Barton Hill ,NTC,Kozhenchery and Kottayam and to upgrade the solar system in Head Office - ₹25 Lakhs | |
| 3 | ആധുനിക നിർമ്മാണ സാങ്കേതികവിദ്യ, ഹൗസിംഗ് ഗൈഡൻസ് സെന്റർ, സ്റ്റാർട്ടപ്പ് യൂണിറ്റ്, ഇൻക്യൂബേഷൻ സെന്റർ എന്നിവയുടെ പ്രോത്സാഹനം. | • Promotion of Modern Construction Technology - ₹25 Lakhs<br>• Setting up of Start-Up Unit, Incubation Centre and Housing Guidance Cell- ₹52 Lakhs | 77 |
| 4 | എറണാകുളത്ത് സെൻട്രൽ ഹൗസിംഗ് ഹബ് | Preliminary Works | 10<br>Subject to the Condition that expenditure shall be incurred only after the institution takes possession of the land. |
| 5 | കലവറയുടെ പ്രവർത്തനങ്ങൾ | • Subsidy Sales - ₹50 Lakhs<br>• Administrative Cost- ₹30 Lakhs | 80 |
| 6 | സി. ഇ. ഇ. എഫ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പരിപാലനം. | Maintenance of Building constructed using CEEF Technology in KESNIK Campus for General Public Awareness- ₹100 Lakh | 100 |
| | Total | | 592 lakhs |

1. പദ്ധതി നിർവ്വഹണത്തിന്റെയും ഫണ്ട് വിനിയോഗത്തിന്റെയും മേൽനോട്ടം നിർമ്മിതി

കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയായിരിക്കും.

2. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
3. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടുന്നതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
5. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
6. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അധികരിക്കാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
7. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
8. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
9. ഈ പദ്ധതികളുടെ കാലയളവ് 2026-27 സാമ്പത്തിക വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ & പി. ആർ. (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 05-10-2026
17:01:48

സെക്ഷൻ ഓഫീസർ